## Malayala Manorma

## 18 June 2018

## Kochi: Heavy rain and airstream, Heath problems



# വയറിളക്കവും ഛർദിയും; രോഗികളുടെ എണ്ണമേറി

**ഇതുവരെ ജില്ലയിൽ വയറിളക്കം ബാധിച്ചവരുടെ എണ്ണം 1555**

കൊച്ചി • മഴ കനത്തതോടെ ജില്ലയിൽ ഡെങ്കിപ്പനിയും എലിപ്പനിയും പടരുന്നു. കഴിഞ്ഞ ദിവസം മരിച്ച പള്ളുരുത്തി സ്വദേശിക്ക് എലിപ്പനി ബാധിച്ചിരുന്നതായി സ്ഥിരീകരിച്ചു.

കുടിവെള്ള സ്രോതസ്സുകൾ മലിനമായതോടെ വയറിളക്കവും ഛർദിയും പടരുകയാണ്. ഇന്നലെ മാത്രം 179 പേരെയാണു വയറിളക്കവും ഛർദിയും ബാധിച്ചു ചികിൽസ തേടിയെത്തിയത്. ഈ മാസം പത്തു ദിവസത്തിനുള്ളിൽ വയറിളക്കം ബാധിച്ചവരുടെ എണ്ണം 1555 കവിഞ്ഞു.

ആരോഗ്യ പ്രവർത്തകർ അതീവ ജാഗ്രത പുലർത്തുന്നുണ്ടെങ്കിലും കനത്ത മഴ പലയിടത്തും തടസ്സമാവുകയാണ്.

കൊതുകു നശീകരണപ്രവർത്തനങ്ങളും മാലിന്യ നീക്കവും പലയിടത്തും മുടങ്ങി. ഓടകളിൽ നിന്നു കോരിയെടുത്തു റോഡരികിൽ വലിച്ചെറിഞ്ഞ മാലിന്യം മഴവെള്ളത്തിൽ ഒലിച്ചിറങ്ങാൻ തുടങ്ങിയതിനാൽ ഇടറോഡുകളിൽ കാൽനട യാത്രപോലും അസാധ്യമാണ്.

ഈ മാസം ആദ്യ പത്തു ദിവസത്തിനുള്ളിൽ ജില്ലയിലെ പനിബാധിതരുടെ എണ്ണം 6582 ആയി. പനിബാധിതരുടെ എണ്ണം ഈ മാസം ഏറ്റവും ഉയർന്ന നിലയിലെത്തുമെന്നാണു സൂചന. കഴിഞ്ഞ മാസം 15,704 പേരെ പനി ബാധിച്ചു ചികിൽസിച്ചിരുന്നു.

ഡെങ്കിപ്പനിയും എലിപ്പനിയുമാണ് ഏറ്റവും ഭീഷണി ഉയർത്തുന്നത്. 17 പേരിൽ ഡെങ്കിപ്പനി സംശയിക്കുന്നു.

കൂനമ്മാവ്, പായിപ്ര, ചൊവ്വര, മഞ്ഞപ്ര, അങ്കമാലി, കോതമംഗലം, മലയാറ്റൂർ, രാമമംഗലം, കാഞ്ഞൂർ, ഐക്കരനാട്, എലഞ്ഞി, വാഴക്കുളം, തൃപ്പൂണിത്തുറ എന്നിവിടങ്ങളിലാണ് ഡെങ്കി ബാധിതർ.

ഒരാളിൽ എച്ച്1 എൻ1 പനിയും പാമ്പാക്കുടയിൽ ഒരാൾക്ക് എലിപ്പനിയും സംശയിക്കുന്നുണ്ട്.